# കളിയോടം





## എഡിറ്റോറിയൽ

ഇളം മനസ്സുകളിലെ ഭാവനകളുടേയും
ആശയങ്ങളുടേയും
തിരമാലകൾക്കിടയിലൂടെ തുഴഞ്ഞ്
ഞങ്ങളുടെ കളിയോടം
സ്വച്ഛന്ദമായ യാത്ര തുടരുന്നു.
സർഗ്ഗരചനകൾ, വരകൾ, വർണ്ണങ്ങൾ
ചാലിച്ച കുഞ്ഞുകരങ്ങൾ....
നിർദ്ദേശങ്ങൾ തന്ന് കൂടെ
നിന്നവർ...
എല്ലാവരുടേതുമാണീ കളിയോടം.
NALPS മൂളിത്തോടിന്റെ
വിജയവീഥികളിൽ
ഈ കളിയോടം ഒഴുകി നീങ്ങട്ടെ.....
ദീർഘദൂരം..

## ആശംസകൾ

**സ്കൂൾ മാനേജർ**
**സിസ്റ്റർ റോസ് മേരി**



കുടുംബത്തിന്റെ, നാടിന്റെ, സമൂഹത്തിന്റെ, രാജ്യത്തിന്റെ, ലോകത്തിന്റെ തന്നെ അഭിവാജ്യമായ ഒന്നാണല്ലോ ഓരോ വ്യക്തിയും. പുതിയ സമൂഹത്തിൽ പുതിയ വ്യക്തിയെ വാർത്തെടുക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് കുട്ടികളിൽ ആത്മ വിശ്വാസം വളർത്തുന്നതിന് പ്രചോദനം നൽകുന്ന കളിയോടം എന്ന മാസിക പ്രശംസാത്മകമാണ്. ഇതുവഴി അവരുടെ കലാ-സാഹിത്യ വാസനകൾ പടിപടിയായി ഉയരട്ടെ എന്ന് ആശംസിക്കുന്നു.

## ആശംസകൾ

**വി.എൻ. ഉസ്മാൻ.**

എടവക നാഷണൽ എ.എൽ. പി സ്കൂൾ 66-ാം വാർഷിക ത്തോടനുബന്ധിച്ച് നമ്മുടെ വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ ഉൾപ്പെടുത്തി കുട്ടികളുടെ തനത് സൃഷ്ടികളായ കഥകൾക്കും പാട്ടുകൾക്കും ചിത്രങ്ങൾക്കും പ്രോത്സാഹനമാകുന്ന കളിയോടം പതിപ്പിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നതോടൊപ്പം വരും വർഷങ്ങളിലും കളിയോടം പതിപ്പ് പ്രസിദ്ധീകരിക്കാൻ അണിയറ ശിൽപ്പികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

## ഭാവുകങ്ങൾ

**സിസ്റ്റർ സിനി ഫ്രാൻസിസ്.**
**ഹെഡ്മിസ്ട്രസ്**



അനന്തവിഹായസ്സിന്റെ ശോഭയിൽ ആഴക്കടലിലെ മണിമുത്തുകൾ തേടിയൊരു യാത്ര.. കളിയോടത്തിലെ യാത്ര ഏറെ ആനന്ദപ്രദം... വിജ്ഞാനദായകം. ഈ യാത്രയിൽ കാണുന്ന ഓരോ മുത്തുച്ചിപ്പിയുടേയും ഉള്ളിൽ അമൂല്യമായൊരു മുത്ത്. അവന്റെ സർഗ്ഗശേഷി. അതിന്റെ ശോഭ ഈ ലോകത്തിനെങ്ങും പ്രകാശമേകുന്നത് ഏറെ ഹൃദ്യം...

കളിയോടത്തെ ഇത്ര മനോഹരമായി അണിയിച്ചൊരുക്കിയ എന്റെ കുട്ടികൾക്കും അതിന് അവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എന്റെ സഹപ്രവർത്തകർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ... ആശംസകൾ

# പടിയിറങ്ങുന്നത്....

എൻ.എൽ.പി.എസ്. മൂളിത്തോടിൽ 32 വർഷത്തോളം അറബി അധ്യാപകനായി സേവനമനുഷ്ഠിച്ച ശ്രീ. വി.എൻ ഉസ്മാൻ സാർ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. 1985 ൽ ഈ വിദ്യാലയത്തിൽ അറബിക് അധ്യാപകനായി എത്തിയ സാർ, മലയാളം, ഹിന്ദി, പരിസരപഠനം, കണക്ക് എന്നീ വിഷയങ്ങളും പകർന്നു നൽകി.



29 വർഷമായി മാനന്തവാടി ഉപജില്ലാ സംഘാടക സമിതി അംഗമായി പ്രവർത്തിച്ചു വരുന്ന ഉസ്മാൻ സാർ ഒരു മികച്ച കലാകാരൻ കൂടിയാണ്. അറബി അധ്യാപകർക്കായി നടത്തുന്ന ജില്ലാതല അറബി സാഹിത്യ മത്സരത്തിൽ തുടർച്ചയായി കഴിഞ്ഞ 5 വർഷവും അക്ഷരശ്ലോക മത്സരത്തിൽ ഒന്നാം സ്ഥാനം, 2011 ലെ ജില്ലാ കായിക മേളയിൽ അധ്യാപകർക്കുള്ള 1500 മീറ്റർ നടത്തമത്സരത്തിൽ 2-ാം സ്ഥാനവും തുടർന്ന് സംസ്ഥാന മത്സരത്തിലേക്ക് അർഹത നേടുകയും ചെയ്തു.

അറബി അധ്യാപക പരിശീലന ക്ലാസുകളിൽ ജില്ല, സംസ്ഥാന റിസോഴ്സ് പേഴ്സണായും സാർ പ്രവർത്തിച്ചിട്ടുണ്ട്. ഒരു ചെറുപുഞ്ചിരിയുമായി വിദ്യാലയത്തിലെത്തുന്ന സാറിന്റെ ആ സന്തോഷവും ഊർജ്ജസ്വലതയും മറ്റുള്ളവർക്കും പ്രചോദനമാണ്.

തികച്ചും അപരിചിതമായ ഒരു ഭാഷയുടെ ആദ്യപാഠങ്ങൾ തമാശകളിലൂടെയും കളികളിലൂടെയും പാട്ടുകളിലൂടെയുമൊക്കെ ആകർഷകമായ വിധത്തിൽ കുട്ടികളിലെത്തിക്കാൻ സാറിനു കഴിഞ്ഞിരുന്നു. അധ്യാപനത്തിന്റെ 32 വർഷങ്ങൾ പൂർത്തിയാക്കി ഈ സരസ്വതി ക്ഷേത്ര ത്തോട് വിടവാങ്ങുമ്പോൾ സാറിന്റെ നിസ്വാർത്ഥസേവനങ്ങൾക്ക്....നൽകിയ പ്രചോദനങ്ങൾക്ക്..... സ്നേഹത്തിന്.... നന്ദിതൻ മന്ത്രണങ്ങൾ.....!!

## ആശംസകൾ

**സ്കൂൾ ലീഡർ**
**അലൻ പി.എസ്**



കളിയും ചിരിയും ചിന്തകളും നിറച്ച ഞങ്ങളുടെ കളിയോടം എന്ന കൊച്ചു പത്രം ഈ വർഷവും തയ്യാറാക്കി ഞങ്ങളുടെ കഴിവുകൾ അക്ഷരക്കൂട്ടുകളായി, വരകളായ്, വർണ്ണങ്ങളായി ഇവിടെ പ്രതിഫലിക്കുകയാണ്. ഈ കൊച്ചു കളിയോടത്തിനു എല്ലാവിധ ആശംസകളും....

## ആശംസകൾ

**കെ.റഫീഖ്**
**പി.ടി.എ. പ്രസിഡണ്ട്**



കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന വിവിധ കഴിവുകൾവളർത്തി കൊണ്ടു വരാൻ അവർക്ക് താങ്ങും തണലുമായി നിന്ന അധ്യാപകർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കുട്ടികളുടെ സൃഷ്ടികൾ നിറഞ്ഞു നിൽക്കുന്ന കളിയോടത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആശംസകൾ നേരുന്നു.

## ആശംസകൾ

**ഷിജി ജോബൻ**
**മദർ പി.ടി.എ. പ്രസിഡണ്ട്**



വിദ്യാഭ്യാസം എന്നത് ഒരു കുട്ടിയുടെ സമഗ്ര വികസനമാണ്. ഇതിന് വളരെ സഹായിക്കുന്ന ഒരു പ്രവർത്തനമാണ് കളിയോടം എന്ന കൊച്ചുപത്രം. ഇതിന് നേതൃത്വം നൽകിയ അധ്യാപകർക്കും കുട്ടികൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

# ആട്

– അശ്വിൻ കെ.ബി
ക്ലാസ് V

കിണി കിണി കുണുങ്ങും കുഞ്ഞാട്
പ്ലാവില കാണാൻ ഓടുന്നു.
ഭംഗിയുള്ള കുഞ്ഞാട്
കുസൃതി കാട്ടും കുഞ്ഞാട്
എന്തു നല്ല കുഞ്ഞാട്
പാലു തരുന്ന കുഞ്ഞാട്
ഓടിപ്പോവും കുഞ്ഞാട്
എന്റെ സ്വന്തം കുഞ്ഞാട്

# തകരുന്ന ഭൂമി

– സ്നേഹ പി.ജെ.
5 ക്ലാസ്

പൊട്ടി തകരുന്നെൻ ഭൂമി
തെളിനീരില്ല പുഴകൾ വറ്റി വരണ്ടു
പച്ചവിരച്ച മലകളോ ചുരുക്കം
ആടിയുലയുന്നു ഭൂമി
ദുഷ്ടരാം മനുഷ്യൻ തൻ ചെയ്തികളാൽ
നഷ്ടമായാ സൗഭാഗ്യം എവിടെ
എൻ പ്രകൃതിയമ്മേ ?

# ചക്കരമാവ്

– എയ്ഞ്ചൽ മേരി സിബി 3–ാം ക്ലാസ്

മുറ്റത്തുണ്ടൊരു ചക്കരമാവ്
മുത്തശ്ശി നട്ടൊരു ചക്കരമാവ്
തണലേകുന്നൊരു ചക്കരമാവ്
പക്ഷികളണയും ചക്കരമാവ്
മധുരം നിറയും മാങ്ങകൾ പൊഴിയും
മധുരക്കനിയാം ചക്കരമാവ്

# പ്രാവ്

മുർഷിദ വി.കെ. ക്ലാസ് 2

പ്രാവ് ഒരു പക്ഷിയാണ്.
ഇത് പലതരത്തിലുണ്ട്
ഇതിനെ വീട്ടിലും വളർത്തും.
കറുപ്പും വെളുപ്പുമാണ്
കൂടുതലായും ഉള്ളത്



# മുയൽ

മുയൽ വീട്ടിലും കാട്ടിലും
ഉള്ള ജീവിയാണ്
പുല്ലാണ് ഇതിന്റെ ആഹാരം
ഇത് പലതരത്തിലും
നിറത്തിലും ഉണ്ട്.



# പൂമ്പാറ്റ

– നിവേദ്യ വിനോദ്
ക്ലാസ് 1

പൂമ്പാറ്റ കൊച്ചു പൂമ്പാറ്റ
പുള്ളി ചിറകുള്ള പൂമ്പാറ്റ
പാറിനടക്കും പൂവുകളിൽ
തേൻകുടിക്കും പൂമ്പാറ്റ
അടുത്തുവന്നാൽ പറന്നുപോകും
പല നിറമുള്ളൊരു പൂമ്പാറ്റ

# HELLO ENGLISH PROGRAMME

ഗൂഗിളും ആപ്പിളും വിസ്മയങ്ങൾ സൃഷ്ടിക്കുന്ന ഈ കാലത്തിൽ English ഭാഷയുടെ ഉപയോഗവും ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. അതിനാൽ തന്നെ മാതൃഭാഷയിലുള്ള പ്രാവീണ്യത്തോടൊപ്പം ഇംഗ്ലീഷിലും പ്രവീണ്യം വളർത്തുന്ന വിദ്യാഭ്യാസം ഒരു സാമൂഹ്യആവശ്യമായി മാറിയിരിക്കുകയാണ്. ഒപ്പം ബന്ധഭാഷ എന്ന നിലയിലും രണ്ടാംഭാഷ എന്ന നിലയിലും ഇംഗ്ലീഷിനുള്ള പ്രാധാന്യം വർദ്ധിച്ചിരിക്കുന്ന ഈ പശ്ചാത്തലത്തിൽ കേരളത്തിലെ വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠനനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ആസൂത്രിതമായ ശ്രമങ്ങൾ സർവ്വശിക്ഷാ അഭിയാൻ നടത്തിവരികയാണ്. ഇതിന്റെ ഭാഗമായി 2016 ഡിസംബർ 23 ന് നമ്മുടെ സ്കൂളിൽ ഈ പാഠ്യപദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം സ്കൂൾ എച്ച്.എം സിസ്റ്റർ സിനി ഫ്രാൻസിസ് നിർവ്വഹിച്ചു. English ൽ ഒരുഗ്രൻ Welcome Speech നൽകി വിശിഷ്ടാതിഥികളെ വേദിയിലേക്ക് ആനയിച്ച രഹ്നാ ഹിരൺ തുടങ്ങി ആംഗറിംഗ്, സ്കിറ്റ് എന്നിവയുടെ English മാജിക്ക് നടത്താൻ നമ്മുടെ കട്ടികൾക്ക് കഴി ഞ്ഞു എന്നത് വളരെ അഭിമാനകരമായിരുന്നു. ഇംഗ്ലീഷ് എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികൾക്കും കഴിയട്ടെ




# സന്ദർശന റിപ്പോർട്ട്

– രഹ്ന ഹിരൺ
3–ാം ക്ലാസ്

25.11.2016 വെള്ളിയാഴ്ച ഞങ്ങളുടെ ക്ലാസിൽ നിന്നും ഒരു പഠനയാത്ര സംഘടിപ്പിച്ചിരുന്നു. മാനന്തവാടി കമ്മനയിൽ താമസിക്കുന്ന ചെറുവൽ രാമൻ എന്ന കർഷകന്റെ അടുത്തേക്കായിരുന്നു ഞങ്ങൾ യാത്ര പോയത്. കാർഷിക പാരമ്പര്യം ഇന്നും മുറുകെ പിടിക്കുന്ന കർഷകനാണ് രാമേട്ടൻ. കാലം മാറി. ഒരുപാട് മാറ്റങ്ങൾ ഈ ലോകത്ത് സംഭവിച്ചപ്പോഴും രാമേട്ടന്റെ കുടുംബം ഇന്നും താമസിക്കുന്നത് പുല്ലുമേഞ്ഞ വീട്ടിലാണ്. അന്തരീക്ഷത്തിലെ വർദ്ധിച്ചു വരുന്ന ചൂട് പ്രതികൂലമായി ബാധിക്കാത്ത ആ വീട്ടിൽ ഞങ്ങൾ കുറച്ചു നേരം ഇരുന്നു. പുൽപ്പായും ചാണകം മെഴുകിയ മുറ്റവും ഞങ്ങളിൽ ഏറെ കൗതുകമുണർത്തി. 50 ലധികം വ്യത്യസ്ത നെൽവിത്തുകൾ കൃഷി ചെയ്യുന്ന വ്യക്തിയാണ് ഇദ്ദേഹം. നെൽകൃഷിക്കു പുറമേ മത്സ്യ വളർത്തലും ഇദ്ദേഹത്തിന്റെ പാടത്തുണ്ട്. വലിയ മീനുകളൊക്കെ ഞങ്ങളെ കാണാൻ വെള്ളത്തിനു മുകളിൽ എത്തിയപ്പോൾ ഞങ്ങളിൽ ഒരാളെ പോലെ ഞങ്ങൾക്കൊപ്പം നിന്ന് ഓരോ ഇനങ്ങളെക്കുറിച്ചും ഞങ്ങൾക്ക് വിശദീകരിച്ചു തന്നു. പിന്നെ ഞങ്ങളെ പാടവരമ്പത്തൂടെ ചെരിപ്പിടാതെ നടത്തുകയും പാടവരമ്പത്ത് കുറേ നേരം ഇരുത്തുകയും ചെയ്തു. പഴയകാലത്തിന്റെ ഓർമ്മപ്പെടുത്തലായിരുന്നു അദ്ദേഹത്തിനിത്. ഞങ്ങളും ഇതൊക്കെ ഏറെ ആസ്വദിച്ചു. പിന്നെ ഞങ്ങളുടെ കുറേ സംശയങ്ങൾക്ക് ഉത്തരം തരാനും രാമേട്ടൻ മടിച്ചില്ല. അദ്ദേഹത്തിന്റെ സംഭാഷണത്തിൽ നിന്ന് : “വിവിധതരം അറിവുകൾ ഈ ലോകത്തുണ്ട്. പ്രധാനമായും നാട്ടറിവ്, കാട്ടറിവ്, പുസ്തകം എന്നിവ. ഇവ മൂന്നും വളരെ പ്രധാനപ്പെട്ടവയാണ്. കൃഷി എന്നത് ഭക്ഷണാവശ്യത്തിനു മാത്രമുള്ളതല്ല. പ്രകൃതിയുടെ നിലനിൽപ്പിന് കൃഷി അത്യന്താപേക്ഷിതമാണ്. കേരളത്തിൽ ഇന്ന് കൃഷി ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്ന് അരി ഇറക്കുമതി ചെയ്യേണ്ട അവസ്ഥയാണിന്ന്....” നെല്ലിനു പുറമേ മുത്താറി,ചാമ, റാഗി, ചോളം, തിന, വരക് എന്നീ ഭക്ഷ്യധാന്യങ്ങളും രാമേട്ടൻ കൃഷി ചെയ്യുന്നുണ്ട്. മുൻപ് 100 ലധികം കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്തിരുന്നു. അവയിൽ തന്നെ ഔഷധഗുണമുള്ള കിഴങ്ങു വർഗ്ഗങ്ങൾ ഒരുപാടുണ്ടായിരുന്നു. പിന്നെ ഞങ്ങൾക്ക് 50 ഇനം നെൽവിത്തുകൾ കാണിച്ചുതന്നു. പഴയകാലത്തെ ഓർമ്മിച്ചെടുക്കാൻ ഈ യാത്ര ഞങ്ങളെ ഏറെ സഹായിച്ചു. ഞങ്ങളിൽ ഏറെ കൗതുകമുണർത്തിയ യാത്രയായിരുന്നു ഇത്. കുറേ പുരാവസ്തുക്കളും കാണാൻ സാധിച്ചു. ഞങ്ങൾ അവിടെ എത്തിയപ്പോൾ രാമേട്ടന്റെ പുരയിടത്തിൽ ഒരു ഷോട്ട്ഫിലിം ഷൂട്ടിംഗും നടന്നിരുന്നു. ഷൂട്ടിങ്ങിന്റെ സാങ്കേതിക വിദ്യകളും കാണിച്ചുതന്നു. ചുരുക്കത്തിൽ യഥാർത്ഥ പഠനയാത്രയായി രുന്നു ഇത്. മറക്കാനാവാത്ത ഒരുപിടി അറിവുകൾ സമ്മാനിച്ച യാത്ര. ഈ യാത്ര നടത്താൻ നേതൃത്വം നൽകിയ അധ്യാപകർക്കും പഴമയുടെ അറിവുകൾ ഞങ്ങൾക്ക് പകർന്ന രാമേട്ടനും സ്നേഹത്തിൽ പൊതിഞ്ഞ നന്ദി.

## മഴ

– രാഹുൽ
ക്ലാസ് 1

മഴ വന്നേ മഴ വന്നേ
ഇടിയും വെട്ടി മഴ വന്നേ
മഴ വന്നേ മഴ വന്നേ
ഇടിയും മിന്നലും ഒന്നിച്ച്
മഴ വന്നേ മഴ വന്നേ
കാറ്റും മഴയും ഒന്നിച്ച്
മഴയും നനഞ്ഞു നടന്നു ഞാൻ
ആഹാ! ആഹാ ! എന്തു രസം

## മഴ

– റിയാന
ക്ലാസ് 1

മഴ മഴ മഴ മഴ മുത്തുമഴ
മാനത്തൂന്നൊരു പവിഴമഴ
മഴ മഴ മഴ മഴ വർണ്ണമഴ
ശുറുശുറു വെന്നൊരു ചാറ്റൽ മഴ
മഴ മഴ മഴ മഴ പെയ്യുമ്പോൾ
കുട കുട കുട കുട ചോരുന്നോ
കുട കുട കുട കുട ചോരുമ്പോൾ
കിടു കിടു കിടു കിടെ വിറയുന്നോ

ആശംസകളോടെ....
വിനയ ഹെർബൽ മെഡിസിൻ
ആദിവാസി വംശീയ പാരമ്പര്യചികിത്സ
ചീപ്പാട് Ph: 9946650620

# കുഞ്ഞുവിന് പറ്റിയ അക്കിടി

**മുഹമ്മദ് ഹിഷാം**
**ക്ലാസ് 2**

മയിലാടുംകുന്നിലാണ് കുഞ്ചു അണ്ണാന്റെ താമസം. മഹാമടിയനായിരുന്നു കുഞ്ചു. അങ്ങനെയിരിക്കെ കുഞ്ചുവിന് വല്ലാത്ത വയറുവേദന. കുഞ്ചു ഇഞ്ചിനീരും പാവക്കനീരും കുടിച്ചുനോക്കി. മാറുന്നില്ല. പല ഔഷധങ്ങളും കഴിച്ചുനോക്കി. വേദനയ്ക്ക് ഒരു മാറ്റവും ഇല്ല. കുഞ്ചു ഉറക്കെ കരഞ്ഞു.

കുഞ്ചുവിന്റെ കരച്ചിൽ കേട്ട് മിന്നുതത്തയും ചീരൻ മരംകൊത്തിയും നീല കാക്കയും വന്നു. എന്തിനാ കുഞ്ചു അണ്ണാനെ നീ കരയുന്നത്? എന്തുപറ്റി? കുഞ്ചു കാര്യം പറഞ്ഞു. നീലൻ കാക്കയും ചീരൻ മരം കൊത്തിയും കുഞ്ചുവിന്റെ കൂട്ടിനകത്ത് കയറിനോക്കി. അവർ മൂക്കുപൊത്തി.

എന്തൊരു നാറ്റം...! കൂട് വൃത്തികേടായി കിടക്കുന്നു. വെറുതയല്ല കുഞ്ചുവിന്റെ രോഗം മാറാത്തത്. വീടും പരിസരവും വൃത്തികേടായാൽ രോഗം നമ്മെ പിടികൂടും.

# കളിവീട്

**കൃഷ്ണപ്രിയ**
**ക്ലാസ് III**

ഉണ്ടൊരു കൊച്ചുകളിപ്പന്തൽ
കുഞ്ഞുങ്ങൾക്കു കളിപ്പാനായ്
ചക്കരകൊണ്ട് തൂണെല്ലാം
കൽക്കണ്ടത്താൽ തറയെല്ലാം
നല്ല കരിങ്കാൽ മേൽക്കൂര
മുറ്റം മുഴുവൻ പഞ്ചാര
ചാരത്തുണ്ടൊരു കൊച്ചരുവി
ചാടിത്തുള്ളും തേനരുവി.

# MY PET

Ashin paul
Class II

I have a little duck
I have a cute duck
Her colour is White
Her Name is Ammu
She is very good and beautiful
She follows me everywhere
With her sweet voice
Quack... Quack... Quack...

# MY MOTHER

Ashana Christy
Class IV

I have a mother
who loves me much
She cooks tasty food everyday
And I eat it happily
My mother sweety mother
Caring mother, my lovely mother
I love my mother very much
A lot of thanks my dearest mother

# തത്തയോട്

**അനന്ത്‌രാജ്**
**ക്ലാസ് V**


പച്ചതത്തേ പനന്തത്തേ
ചുണ്ടു ചുവന്ന പൂന്തത്തേ
എവിടെ നിന്നാണ് വരുന്നത്
പേരമരത്തിൽ നിന്നാണോ
എന്റെ കൂടെ വരുകയില്ലേ
എന്റെ കൂടെ കളിക്കാമോ
പാട്ടുകൾ പാടി രസിക്കാലോ
എന്റെ കൂടെ കളിച്ചാൽ ഞാൻ
പാലും പഴവും തരാലോ
പച്ച നിറമുള്ള പൂന്തത്തേ
എന്റെ കൂടെ പോരൂ നീ
പച്ചതത്തേ പനന്തത്തേ
ചുണ്ടു ചുവന്ന പൂന്തത്തേ

# PUPPY THE WINNER

**Mariya Sandra - Class II**

There was a small puppy lived in a house. Two other dogs also lived there. The dogs always mocked at the puppy. so the puppy was very sad. One day everybody was sleeping at night. A thief entered into the House. The puppy saw that . He barked. The house owner woke up. He caught the thief. Everybody appreciated the puppy. The puppy was very happy. The dogs were ashamed.

**Muhsin K.**
**Class V**


حمامة ونملة
وقعت نملة في بركة رأتها حمامة
وهي تقاتل الغرق رقت لها الحمامة و
أخذت في منقارها عودا ومدته إلى
النملة صعدت النملة على العود
ونجت من الهلاك

# തത്ത

**– ദേവനന്ദ വിനോജ് . ക്ലാസ് 4**

മുറ്റത്തെ മാവിൻ കൊമ്പിൽ
പറന്നു വന്നു തത്തമ്മ
പച്ച ചിറകും ചുവന്ന ചുണ്ടും
അഴകു നിറഞ്ഞൊരു തത്തമ്മ
ചക്കരമാവിലെ ചക്കര മാമ്പഴം
കൊത്തി കൊത്തി തിന്നുമ്പോൾ
താഴെ നിൽക്കും എനിക്കായ് നീ
മാമ്പഴമൊന്ന് ഇട്ടു തരൂ
കൂട്ടുകൂടി കൂടെ കളിക്കാൻ
കൂടെ വരൂ കൂട്ടുകാരി തത്തമ്മേ

# THE CHRISTMAS

**- Fushan Class IV**


Long long ago the angels in heaven rejoiced at the birth of baby Jesus in the manger. The shepherds saw baby Jesus with Mary and Joseph. It was a very cold night. The cows and calfs went closer to the new born child to give him warmth. At christmas we celebrate the birthday of Jesus Christ. Jesus loves all, so we love all.

# MY JOURNEY TO CALICUT

**- Sandra Saji**
**Class IV**

I went to Calicut on 13th Oct. 2016. It was a trip from school. All teachers and students were with me for this trip. We saw many things on the way. We marvelled at smiling flowers, dancing trees, gigling rivers, singing fish and so on. Our visit to planatorium gave us more knowledge about manythings. We had good and tasty breakfast and lunch. The trip in the boat was which we liAnked a lot. We had a lot of fun. It was a beautiful day.

**Favas**
**Class 3**


المهد الحرير
هززت السرير وأخي صغير
فرشت جفوني لمهد الحرير
سهرت الليالي جوار السرير
رأيت صغاري كبدر المنير
هززت السرير وأخي صغير


അഭിമാനപൂർവ്വം (മികവ്)


അക്ഷരദീപവുമായി വിവിധ കോളനികളിലൂടെ...









ജില്ലാ- സബ്ജില്ലാ സാമൂഹ്യശാസ്ത്ര മേള ഓവറോൾ കിരീടം



പഞ്ചായത്ത്തല കായികമേള രണ്ടാംസ്ഥാനം



സബ്ജില്ലാതല ഗണിതശാസ്ത്രമേള രണ്ടാം സ്ഥാനം



ആദരപൂർവ്വം - അധ്യാപകദിനാഘോഷം



കലാമേളയിൽ നേട്ടങ്ങളോടെ....



നൂറുമേനി (കൃഷിമുറ്റം)



അറബി കലാമേളയിൽ മികവ് പുലർത്തിയവർ



**ക്രിസ്റ്റി റെയ്സൺ തോമസ്**
പഞ്ചായത്ത്തല ചിത്രരചന, ജലച്ഛായം, ജില്ലാതല പ്രാദേശിക ചരിത്രരചന ഒന്നാംസ്ഥാനം



**കൃഷ്ണപ്രിയ**
സബ്ജില്ല - ജില്ലാതലം പത്രകട്ടിംഗ് ഒന്നാംസ്ഥാനം



**രഹ്ന ഹിരൺ**
സബ്ജില്ലാതല ഗണിതം പസ്സിൽ ഒന്നാംസ്ഥാനം



**അബിലോൺ കെ. ലിനു**
സബ്ജില്ല - ജില്ലാതലം പുരാവസ്തു ശേഖരണം രണ്ടാംസ്ഥാനം



**മുഹമ്മദ് സിനാൻ ഇ.**



**അയോണ മാത്യു**

സബ്ജില്ല - ജില്ലാതലം സ്റ്റാമ്പ് ശേഖരണം രണ്ടാംസ്ഥാനം

